# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 19

# വാർത്താക്കുറിപ്പ്

**എം.ജി.യിൽ 2020ലെ പരീക്ഷ കലണ്ടറായി**

## അവസാന സെമസ്റ്റർ ബിരുദഫലം ഏപ്രിലിൽ; ബിരുദാനന്തര ബിരുദഫലം മെയ് 15നകം

അടുത്ത വർഷം അവസാന സെമസ്റ്റർ ബിരുദ പരീക്ഷകളുടെ ഫലം ഏപ്രിലിലും ബിരുദാനന്തര ബിരുദ പരീക്ഷകളുടെ ഫലം മെയ് 15ന് മുമ്പും പ്രഖ്യാപിക്കാനാണ് ശ്രമമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. 2020 അക്കാദമിക വർഷത്തെ പരീക്ഷ കലണ്ടറിന്റെ കരട് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത അധ്യാപക സംഘടനകളുടെയും സർവകലാശാല ജീവനക്കാരുടെ സംഘടനകളുടെയും വിദ്യാർഥി സംഘടനകളുടെയും വിവിധ യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മതിയായ പഠനദിവസം ഉറപ്പാക്കിക്കൊണ്ട് പരീക്ഷകൾ കൃത്യമായി നടത്തുകയും ഫലം അതിവേഗത്തിൽ നൽകാനുള്ള കഠിന പരിശ്രമമാണ് സർവകലാശാല നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. അധ്യാപകരും സർവകലാശാല ജീവനക്കാരും ഒരേ മനസോടെ പ്രവർത്തിക്കുന്നതിനാലാണ് വളരെ വേഗത്തിൽ പരീക്ഷയും ഫലപ്രഖ്യാപനവും നടത്താൻ കഴിയുന്നതെന്ന് പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു.

ബിരുദ ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾ ഒക്ടോബറിൽ പൂർത്തീകരിച്ച് നവംബറിൽ മൂല്യനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കാനും രണ്ട്, നാല്, ആറ് സെമസ്റ്റർ പരീക്ഷകൾ മാർച്ചിൽ പൂർത്തീകരിച്ച് ഏപ്രിലിൽ മൂല്യനിർണയ ക്യാമ്പുകൾ സംഘടിപ്പിക്കാനുമാണ് ശ്രമമെന്ന് സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് പറഞ്ഞു. ബിരുദാനന്തര ബിരുദ ഒന്ന്, മൂന്ന്, സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ-നവംബറിൽ നടക്കും. രണ്ട്, നാല് സെമസ്റ്റർ പരീക്ഷകൾ ഏപ്രിലിൽ നടക്കും. മൂല്യനിർണയമടക്കമുള്ള പരീക്ഷജോലികൾ മെയ് മാസത്തിന് മുമ്പ് പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ബിരുദം (പ്രൈവറ്റ്) അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളുടെ ഫലം ഏപ്രിലിലും ബിരുദാനന്തര ബിരുദം (പ്രൈവറ്റ്) മൂന്ന്, നാല് സെമസ്റ്ററുകളുടെ ഫലം മെയ് 15ന് മുമ്പും പ്രസിദ്ധീകരിക്കും. ജൂൺ ഒന്നിന് ഒന്നാം സെമസ്റ്റർ ബിരുദക്ലാസുകൾ ആരംഭിക്കും. മതിയായ പഠനദിവസം ഉറപ്പാക്കാനും കലോത്സവങ്ങൾ ക്രമീകരിക്കാനും യോഗം തീരുമാനിച്ചു. പുനർമൂല്യനിർണയത്തിന്റെ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കും. 2020 അഡ്മിഷൻ മുതൽ എൽ.എൽ.ബി. പരീക്ഷ നടത്തിപ്പും ടാബുലേഷനും സർട്ടിഫിക്കറ്റ് വിതരണവും ഓൺലൈനാക്കും.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. അജി സി. പണിക്കർ, ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, പരീക്ഷ കൺട്രോളർ ഡോ. ബി. പ്രകാശ്കുമാർ, അധ്യാപക സംഘടന പ്രതിനിധികളായ വി.പി. മർക്കോസ്, ഡോ. സിമി പി. സുകുമാർ, വിവേക് ജോബി എബ്രഹാം, ഡോ. എ.യു. അരുൺ, റോണി ജോർജ്, എസ്. സജിത് ബാബു, ജെന്നിഫർ ലോപ്പസ് ഹൊസന്ന, പി.വി. സുനിൽകുമാർ, ഡോ. ജോമി ജോസഫ്, എ.വി. അനീഷ്, സെനോ ജോസ്, ജീവനക്കാരുടെ സംഘടന പ്രതിനിധികളായ ജെ. ലേഖ, വി.പി. മജീദ്, ജോസ് മാത്യു, കെ. ഷാനവാസ്, കെ. രാജഗോപാൽ, വി.കെ. ആനന്ദകൃഷ്ണൻ, സന്തോഷ് കെ. വർഗീസ്, എ.പി. അനിൽകുമാർ, യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി എസ്. മുഹമ്മദ് അബ്ബാസ്, വിദ്യാർഥി സംഘടനാ പ്രതിനിധികളായ റിക്കു മോനി വർഗീസ്, സി.ആർ. വിഷ്ണുരാജ്, കെ.പി. അരുന്ധതി, അതുല്യ ഉണ്ണി എന്നിവർ വിവിധ യോഗങ്ങളിൽ സംസാരിച്ചു.

(പി.ആർ.ഒ/39/2248/2019)

## ഇന്നത്തെ (ഡിസംബർ 20) പരീക്ഷ മാറ്റി

ഇന്ന് (ഡിസംബർ 20) നടത്താനിരുന്ന നാലാം വർഷ ബി.ഫാം സപ്ലിമെന്ററി (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി 6 എന്ന പേപ്പറിന്റെ പരീക്ഷ ജനുവരി 15ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ/39/2249/2019)

## പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. ബയോടെക്നോളജി (സി.ബി.സി.എസ്. - റഗുലർ, സി.ബി.സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 31 മുതൽ ജനുവരി 10 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2250/2019)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്) 2011 അഡ്മിഷൻ, ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (2012-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2251/2019)

2019 സെപ്തംബറിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. സൈക്കോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2252/2019)

2019 ജൂലൈയിൽ നടന്ന നാലാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (ബി.പി.ടി - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2253/2019)

## വാർഷിക റിപ്പോർട്ടിലേക്ക് വിവരങ്ങൾ നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ 2019ലെ വാർഷിക റിപ്പോർട്ട് തയാറാക്കാനുള്ള വിവരശേഖരണത്തിനുള്ള ഫോർമാറ്റുകൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭ്യമാണ്. സർവകലാശാലയുടെ കീഴിലുള്ള എല്ലാ പഠനവകുപ്പുകളും അക്കാദമിക് സെന്ററുകളും അഫിലിയേറ്റഡ് കോളേജുകളും റിസർച്ച് സെന്ററുകളും 2019 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെയുള്ള വ്യക്തവും സംക്ഷിപ്തവുമായ പ്രവർത്തനറിപ്പോർട്ട് 2020 ജനുവരി മൂന്നിനകം mguannualreport2019@gmail.com എന്ന ഇമെയിൽ വിലാസത്തിൽ നൽകണം.

(പി.ആർ.ഒ/39/2254/2019)

## എം.ജി.യിൽ രാജ്യാന്തര പ്രഭാഷണം ഇന്ന് (ഡിസംബർ 20)

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോടെക്നോളജി സംഘടിപ്പിക്കുന്ന രാജ്യാന്തര പ്രഭാഷണപരിപാടി ഇന്ന് (ഡിസംബർ 20) രാവിലെ 11ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടക്കും. അമേരിക്കയിലെ ഡെലവേർ സർവകലാശാലയിലെ പ്രൊഫ. സുരേഷ് അദ്വാനി 'എമർജിംഗ് റോൾ ഓഫ് പ്രോസസ് മോഡൽസ് ആന്റ് സിമുലേഷൻസ് ഇൻ കോമ്പസൈറ്റ്സ് മാനുഫാക്ചറിംഗ്' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

### ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സുരേഷ് അദ്വാനി**

(പി.ആർ.ഒ/39/2255/2019)

**ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; രാജ്യാന്തര കോൺഫറൻസിന് തുടക്കം**

## സുരക്ഷപ്രശ്നങ്ങൾ ഒരുമിച്ചുനേരിടാൻ ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ പൊതുവേദി വേണം; ഡോ. പി.വി. റാവു

ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ വിവിധ സുരക്ഷാപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി പൊതുവേദി രൂപപ്പെടേണ്ടതുണ്ടെന്ന് യു.ജി.സി. എമിററ്റസ് പ്രൊഫസറും ഉസ്മാനിയ യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ഇന്ത്യൻ ഓഷ്യൻ സ്റ്റഡീസ് മുൻ ഡയറക്ടറുമായ ഡോ. പി.വി. റാവു. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ്

പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര കോൺഫറൻസിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചർച്ച ചെയ്യുന്നതിനുമായി സാർക് പോലുള്ള പ്രാദേശിക സഹകരണത്തിനുള്ള സംഘടനയുണ്ടെങ്കിലും ഭീകരവാദമടക്കമുള്ള സുരക്ഷ പ്രശ്നങ്ങൾ ഒരുമിച്ച് നേരിടാൻ ദക്ഷിണേഷ്യയിൽ പൊതുവേദിയില്ല. സംയുക്ത സുരക്ഷ നടപടികൾ സ്വീകരിക്കാൻ പൊതുവേദി രൂപപ്പെടുന്നത് ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ വളർച്ചയ്ക്ക് സഹായകമാകും. കാലാവസ്ഥാ വ്യതിയാനമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ എല്ലാ രാജ്യങ്ങളിലും പ്രവചനാതീതമായ സുരക്ഷപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഓഖി പോലുള്ള പ്രകൃതിദുരന്തങ്ങളും ആഗോളതാപനം മൂലം സമുദ്രജലനിരപ്പുയരുന്നതും വിവിധ രാജ്യങ്ങളുടെ തീരമേഖലയിൽ സുരക്ഷ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇത്തരം വെല്ലുവിളികളെ നേരിടാൻ പ്രാദേശിക സഹകരണവേദി അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. കെ.എൻ. കൃഷ്ണൻ, കേരള പോലീസ് അക്കാദമി ഡി.ഐ.ജി. അനൂപ് കുരുവിള ജോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡോ. ഡിംപി ദിവാകരൻ, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് ഡയറക്ടർ ഡോ. സി. വിനോദൻ, ആർ. മാധുരി എന്നിവർ പ്രസംഗിച്ചു.

ദക്ഷിണേഷ്യയിലെ സുരക്ഷാപ്രശ്നങ്ങൾ, വികസനവും മനുഷ്യസുരക്ഷയും, തീരസുരക്ഷ, സമാധാനവും സുരക്ഷയും നേരിടുന്ന വെല്ലുവിളികൾ, പ്രാദേശിക സഹകരണം, ഭരണവും വികസനവും നേരിടുന്ന വെല്ലുവിളികൾ, ഇന്ത്യയും ദക്ഷിണേഷ്യയും, പാരിസ്ഥിതിക-ഊർജ സുരക്ഷ പ്രശ്നങ്ങൾ, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെയാണ് രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. വിദേശരാജ്യങ്ങളിൽനിന്നടക്കം അധ്യാപകരും ഗവേഷകരും വിദ്യാർഥികളും പങ്കെടുക്കുന്ന കോൺഫറൻസ് ഇന്ന് (ഡിസംബർ 20) സമാപിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെ 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസും കൊൽക്കത്ത മൗലാനാ അബ്ദുൾകലാം ആസാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഷ്യൻ സ്റ്റഡീസ്, സംസ്ഥാന സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് എന്നിവയുടെ സഹകരണത്തോടെ 'ദക്ഷിണേഷ്യ ഭീകരവാദത്തിനപ്പുറം; സമാധാനം, വികസനം, മനുഷ്യസുരക്ഷ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര കോൺഫറൻസിൽ യു.ജി.സി. എമിരറ്റസ് പ്രൊഫസർ ഡോ. പി.വി. റാവു മുഖ്യപ്രഭാഷണം നടത്തുന്നു**

(പി.ആർ.ഒ/39/2256/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ